## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1058 10.06.2019 -ൽ മറുപടിക്ക്

### പുതിയ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ.വി.അബ്ദു റഹിമാൻ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര പേർക്ക് തൊഴിൽ നൽകിയെന്നും എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന 30/04/19 വരെ 34,878 (മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട്) പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേയ്ക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 4,92,47,000/- (നാല് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി നാല്പത്തിഏഴായിരം) രൂപ സ്വയം തൊഴിൽ വായ്പയായി വിതരണം ചെയ്യുകയും 985 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിങ്ങിൽ വിവിധ സ്വയം തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങും മറ്റു പരിശീലനങ്ങളും നൽകി വരുന്നു.<br>എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം ആകെ 13,300 സ്വയംതൊഴിൽ സംരംഭങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പദ്ധതി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>കെസ്റു - 2,527 സംരംഭങ്ങൾ<br>മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് - 219 സംരംഭങ്ങൾ<br><u>ശരണ്യ - 10,554 സംരംഭങ്ങൾ</u><br>ആകെ 13,300 സംരംഭങ്ങൾ<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം KASE ന്റെ വിവിധ സ്ഥാപനങ്ങൾ വഴിയായി 23,976 പേർക്ക് തൊഴിൽ ലഭ്യമാക്കുകയുണ്ടായി. എംപ്ലോയബിലിറ്റി സെന്റർ വഴി 20,734 പേർക്കും, മികവിന്റെ കേന്ദ്രങ്ങൾ വഴി 1,061 പേർക്കും accreditation വഴി 2,181 പേർക്കുമാണ് തൊഴിൽ ലഭ്യമാക്കിയത്.<br>ഈ കാലയളവിൽ 9 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയും (Accreditation), 2 മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുകയുണ്ടായി. ഇവയുടെ വിശദാംശ-ങ്ങൾ ചുവടെ ചേർക്കുന്നു:<br>**<u>Centre of Excellence</u>**<br>1. School of Water Technology (SWAT)<br>2. KASE Global Nursing Leadership Academy (KGNLA)<br>**<u>Accreditation</u>**<br>1. Dhanwanthari Charitable Society<br>2. Intercad Systems Pvt. Ltd<br>3. Incatek Solutions Pvt. Ltd<br>4. Blitz Academy |

| | | | |
|---|---|---|---|
| | | | 5. Sports Management Research Institute (SMRI)<br>6. SMEC Automation Pvt Ltd.<br>7. Atheos Institute of Skills Excellence<br>8. Induscan Petroleum Institute<br>9. Thoughts Academy Pvt. Ltd. |
| (ബി) | കേരളത്തിലെ അഭ്യസ്തവിദ്യരുടെ ബാഹുല്യം പരിഗണിച്ച് കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളെ കുറിച്ച് 14 ജില്ലകളിലെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് സ്വയംതൊഴിൽ ബോധവൽക്കരണ ശിൽപശാലകൾ സംഘടി-പ്പിക്കുകയും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള തൊഴിൽ-രഹിതർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | സർക്കാർ ഐ.ടി.ഐ.കളിൽ കാലിക പ്രാധാന്യമേറിയ കോഴ്സുകൾ ആരംഭി-ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിനു കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരി-ക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ പരിഷ്കരിക്കുന്നത് അനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്ന-തിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും, തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിനും കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**